ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ ചില റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു സംബന്ധിച്ച് മദ്രാസ് ഗവണ്മെൻറുമായി കത്തിടപാടു നടത്തുന്നുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇവിടെ നിന്നും കന്യാകുമാരി ജില്ലയിലേയ്ക്കു നെല്ലു കടത്തിക്കൊണ്ടു പോകുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഇവിടെ നിന്നും അങ്ങോട്ടു പോകുന്നില്ല.

കാലിമേയ്ക്കുന്നതിനും, വീടു് ശേഖരിക്കുന്നതിനുമുള്ള പാസ്സു്.

* 1591. [24] ശ്രീ. മധുര : താഴെകൊടുത്തിരിക്കുന്ന ചോദ്യത്തിനു് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനത്തിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്കു് കാലിമേയ്ക്കുന്നതിനും, വീടു് ശേഖരിക്കുന്നതിനും പാസ്സു് വാങ്ങേണ്ട ആവശ്യം ഉണ്ടോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

വനത്തിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്കു് വനവിഭവങ്ങൾ നശിപ്പിക്കാതെ കാലിമേയ്ക്കുന്നതിനും വീടു് ശേഖരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്.

ശ്രീ. എം. എം. മത്തായി : ഇന്നു വീടു് ശേഖരിക്കുന്നതിനു് പാസ്സു വാങ്ങണമെന്നു നിർബ്ബന്ധിക്കുന്നതായി അറിയുമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ നിർബ്ബന്ധിക്കണമെന്നു തോന്നുന്നില്ല.

ശ്രീ. പൊന്നറ ശ്രീധർ : നിർബ്ബന്ധിക്കുന്നുണ്ടു്. ചെറിയ കമ്പു പോലും മുറിക്കുന്നതിനു് അനുവദിക്കുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ് : അതിനെപ്പറ്റി അന്വേഷിക്കുന്നതാണു്.

ശ്രീ എം. എം. മത്തായി : പാസ്സിനു നിർബ്ബന്ധിക്കുന്ന ഏർപ്പാടു നിർത്തലാക്കുന്നതിനു് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ: കെ. സി. ജോർജ്ജു് : അതിനെപ്പറ്റി അന്വേഷിച്ചശേഷമേ നിർദ്ദേശം കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു തീരുമാനിക്കാൻ സാധിക്കൂ.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : മറവുള്ളവർക്കു് ആദായം ഉണ്ടാക്കുന്നതിനുവേണ്ടി ഇവരെക്കൊണ്ടു വീടു് ശേഖരിപ്പിക്കുന്നതായി അറിയാമോ?

ശ്രീ. കെ. സി. ജോർജ്ജു് : അങ്ങനെ പല കുഴപ്പങ്ങളും ഉണ്ടു്. അതാണു് അന്വേഷിക്കണമെന്നു പറഞ്ഞതു്.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സു് സർവീസു്.

* 1592. [25] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു ജില്ലയിൽ ഏതെല്ലാം റൂട്ടുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ സർവീസു് നടത്തുന്നുണ്ടു് ;

(ബി) ഷട്ടിൽ സർവീസു് ഏതെങ്കിലും റൂട്ടുകളിൽ ഓടുന്നുണ്ടോ ;

(സി) തൃശ്ശൂർ-പാലക്കാടു് (via) ആലത്തൂർ, തൃശ്ശൂർ-ചിറ്റൂർ (via) കൊല്ലങ്കോടു് എന്നീ റൂട്ടുകളിൽ ഷട്ടിൽ സർവീസു് ആരംഭിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) പാലക്കാട്-കോഴിക്കോട്, തൃശ്ശൂർ-പാലക്കാട്, തൃശ്ശൂർ-പെരുന്തൽമണ്ണ, പാലക്കാട്-ഗുരുവായൂർ, തൃശ്ശൂർ-കോഴിക്കോട്, തൃശ്ശൂർ-ചിറ്റൂർ, തൃശ്ശൂർ-കണ്ണൂർ, പെരുന്തൽമണ്ണ-കുറ്റിപ്പുറം-ഗുരുവായൂർ

(ബി) രണ്ടിൽ സർവീസ് ഓടുന്നില്ല. എന്നാൽ പെരുന്തൽമണ്ണ-കുറ്റിപ്പുറം-ഗുരുവായൂർ റൂട്ടിൽ ആർഡിനറി സർവ്വീസ് ഓടുന്നുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

രാഷ്ട്രീയ പൊതുയോഗങ്ങളിൽ നടക്കുന്ന കൂക്കുവിളിയും, കയ്യേറ്റവും.

* 1593. [26] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പൊതുയോഗങ്ങൾ നടക്കുമ്പോൾ കൂക്കുവിളിയും, കയ്യേറ്റവും ചില സ്ഥലങ്ങളിൽ നടക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെ പൊതുയോഗം കലക്കിവിടുവാൻ എതിർകക്ഷികൾ നടത്തുന്ന ഇത്തരം അക്രമപരവും സംസ്കാരശൂന്യവുമായ ചെയ്തികളെ അവസാനിപ്പിക്കുവാൻ കർശനമായ വല്ല നടപടിയും ഗവണ്മെന്റ് സ്വീകരിക്കുമോ;

(സി) ഈ ഗവണ്മെന്റ് നിലവിൽ വന്നതിനുശേഷം ഇത്തരം എത്ര ആക്ഷേപങ്ങൾ കിട്ടിയെന്നും എത്ര ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുകയും നടപടികളെടുക്കുകയും ചെയ്തു എന്നും പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) ഉണ്ട്.

(ബി) അത്തരം അക്രമങ്ങൾ തടയാൻ പ്രായോഗികമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അതു വിജയകരമാക്കുന്നതിന് എല്ലാ വിഭാഗക്കാരുടെയും സഹകരണം ഗവണ്മെന്റ് പ്രതീക്ഷിക്കുന്നു.

(സി) നാല് പരാതികൾ കിട്ടി. അതെല്ലാം പോലീസ് അന്വേഷണം നടത്തി വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: പ്രായോഗികമായ നടപടികൾ എന്നു പറയുന്നതിൽ നിയമപ്രകാരമുള്ളതിൽ കവിഞ്ഞ് എന്തെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: നിയമപരമായുള്ളതല്ലാതെ ഗവണ്മെന്റിന് എന്തു ചെയ്യാൻ കഴിയും?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: അതിലേയ്ക്കു പ്രത്യേകം ഓർഡിനൻസ് പുറപ്പെടുവിക്കാം.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ആർഡിനൻസിന്റെ ആവശ്യമൊന്നുമില്ല. ഇന്നതൊന്നു നിയമമുണ്ട്. അതു നടപ്പിൽ വരുത്തുന്നതിനുള്ള എല്ലാ നടപടികളും എടുക്കും.

ശ്രീ. കെ. കെ. വിശ്വനാഥൻ: കൊച്ചിയിൽ ഇതിലേക്കു പ്രത്യേകം ഒരു നിയമം ഉണ്ടായിരുന്നതായി അറിയാമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: നോട്ടീസ് വേണം. ഇത്തരത്തിലുള്ള അക്രമങ്ങൾ നടത്തുന്നതെങ്കിൽ അതു തടയുന്നതിനുള്ള അധികാരം നിയമപ്രകാരം ഗവണ്മെന്റിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly